1,703,651 ഭവനങ്ങൾക്ക് ഇനിയും വൈദ്യുതി ലഭിക്കേണ്ടതുണ്ട്. 2007-ഓടെ കേര ളത്തിലെ മുഴുവൻ വീടുകളും രാജീവ്ഗാന്ധി വൈദ്യുതീകരൺയോജന പ്രകാരം വൈദ്യുതീകരിക്കുന്നതിനുവേണ്ട നടപടികളെടുത്തുവരുന്നു.

ഒ. വൈ. ഇ. സി. പ്രകാരം അടയ്ക്കേണ്ട തുക

229 [1171] *ശ്രീ. വി. ജെ. പൗലോസ്:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *കെ. മോഹൻകുമാർ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്നവർ ഒ. വൈ. ഇ. സി. പ്രകാരം 1-1-2005 വരെ ഏതെല്ലാം ഇനത്തിൽ എത്ര തുക വീതമാണ് അടയ്ക്കേണ്ടി യിരുന്നത്;

(ബി) ഇപ്പോൾ ഈ പദ്ധതിപ്രകാരം അപേക്ഷിക്കുന്നവർ ഓരോയിനത്തിലും അടയ്ക്കേണ്ട തുകയിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര വീതമാണെന്ന് പറയുമോ;

(സി) ഇതുമൂലം ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മുമ്പ് നൽകിയതി നെക്കാൾ എത്ര തുക കുറച്ചടച്ചാൽ മതിയാകും?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഈടാക്കുന്ന ഒ. വൈ. ഇ. സി. തുക മെറ്റീരിയൽ കോസ്റ്റും 10% സൂപ്പർവിഷൻ ചാർജ്ജും മാത്രം ഈടാക്കി കുറയ്ക്കുന്നതിനുള്ള നിർദ്ദേശം എസ്. ഇ. ആർ. സി.-ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(സി) ഒരു പോസ്റ്റ് വേണ്ട ഒ. വൈ. ഇ. സി. കണക്ഷന് ഇപ്പോഴുള്ള 12,000 രൂപയിൽ നിന്ന് ഏകദേശം 7,000 രൂപയായും വെതർ പ്രൂഫിന് ഏതാണ്ട് അമ്പതുശതമാനവും കുറയുന്നതാണ്.

വില നിയന്ത്രണത്തിന് നടപടി

230 [1172] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് മാർക്കറ്റിൽ തോന്നുംപോലെ വ്യാപാരികൾ വില നിശ്ചയിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇടപെടുന്നതിന് നയപരമായ എന്തെങ്കിലും തീരുമാനം സ്വീകരിച്ചിട്ടുണ്ടോ;

(സി) നിത്യോപയോഗ സാധനങ്ങൾക്ക് പൊതുമാർക്കറ്റ് റേറ്റ് നിശ്ചയിക്കുവാൻ സർക്കാർ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) അത്യാവശ്യ സാധന വിപണനവുമായി ബന്ധപ്പെട്ട പല ലൈസൻസിങ്ങ് ഉത്തരവുകളും ഇപ്പോൾ നിലവിലില്ല. ആയതിനാൽ അവയ്ക്ക് ഒരു പൊതുവില നിശ്ചയിക്കുന്നത് പ്രായോഗികമല്ല. എന്നിരുന്നാലും പൊതു കമ്പോളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ച് സാധാരണക്കാർക്ക് ആവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽസപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ 1943 ചില്ലറ വിൽപ്പനശാലകളിലൂടെ ഓരോ മാസവും സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ആവശ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നു.

ഗുണനിലവാരമുള്ള അരി വിതരണം ചെയ്യുന്നതിന് നടപടി

231 [1177] *ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റേഷൻകടകളിൽ ഉപയോഗശൂന്യമായ താണതരം അരിയാണ് വിതരണം ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ലയിൽമാത്രം ഇത്തരം അരി വിതരണത്തിനെത്തുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് സർക്കാരിലേക്ക് പരാതി ലഭിച്ചിട്ടുണ്ടോ; നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ജില്ലയിൽ ഗുണനിലവാരമുള്ള അരി വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly